പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .132

04.02.2013-ൽ മറുപടിക്ക്

# കോഴിക്കോട് വെള്ളയിൽ മിനി ഫിഷിംഗ് ഹാർബർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ. പ്രദീപ്കുമാർ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കോഴിക്കോട് വെള്ളയിൽ മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | വെള്ളയിൽ മത്സ്യബന്ധന തുറമുഖ നിർമ്മാണം 75% കേന്ദ്രസഹായം പദ്ധതിയായി നടപ്പിലാക്കുന്നതിന് 3930.20 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പ്രോജക്ട് റിപ്പോർട്ടിന് കേന്ദ്ര കൃഷിമന്ത്രാലയത്തിൽ നിന്നും അനുമതി ലഭിച്ചതിനെ തുടർന്ന് സ.ഉ. (സാധാ) നം. 62/13/F&PD തീയതി 30.01.2013 പ്രകാരം സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ അനുമതി നൽകിയ തീയതിയുടെ രണ്ടാം മാസം മുതൽ 4 വർഷം കൊണ്ട് പദ്ധതി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാണ് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസും ഭരണാനുമതിയും ലഭിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | പദ്ധതിയ്ക്ക് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസ് ആവശ്യമില്ലാത്തതാണ്. എന്നാൽ പദ്ധതി നിർമ്മാണത്തിന് ആവശ്യമായ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അംഗീകാരം എന്നിവ ലഭ്യമായിട്ടുണ്ട്. |
| (സി) | എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | | |
| (ഡി) | പ്രസ്തുത പ്രവൃത്തി എന്നു മുതൽ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ; | (ഡി) | കേന്ദ്ര സർക്കാരിന്റെയും, സംസ്ഥാന സർക്കാരിന്റെയും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 01.02.2013 ൽ ദർഘാസ് നോട്ടീസ് നൽകി, ദർഘാസ് ലഭ്യമാക്കിയ ശേഷം പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| (ഇ) | പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | 2012-13 വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി 1000/- രൂപ വകകൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ